**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 843** **10-08-2023 - ൽ മറുപടിയ്ക്ക്**

**ബിന്ദു വൈലാശ്ശേരിക്ക് ഭൂമി അനുവദിച്ച് നൽകിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ ഐ.ടി.ഡി.പി. ഓഫീസിന് മുന്നിൽ നടന്നു വരുന്ന ആദിവാസി ഭൂസമരത്തിന് നേതൃത്വം നൽകുന്ന ബിന്ദു വൈലാശ്ശേരി എന്നയാൾക്ക് അകമ്പാടം വില്ലേജിൽ അമ്പത് സെന്റ് ഭൂമിയും വീട്ടും സർക്കാർ നൽകിയിട്ടുണ്ടോ; എങ്കിൽ ഇത് നൽകിയത് നിലവിലെ ചട്ടങ്ങൾ പാലിച്ചാണോ; വിശദമാക്കാമോ; | (എ) | **ഉണ്ട്. 2018-ൽ മലപ്പുറം ജില്ലയിൽ ഉണ്ടായ പ്രളയത്തിൽ ഭവന രഹിതരും ഭൂരഹിതരുമായി മാറിയ പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി റവന്യൂ വകുപ്പ് അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളെ കണ്ടെത്തിയതിൽ ശ്രീമതി. ബിന്ദു വൈലാശ്ശേരി ഗുണഭോക്താവായിരുന്നു.**<br><br>**തുടർന്ന് ശ്രീമതി. ബിന്ദു വൈലാശ്ശേരിക്ക് 50 സെന്റ് ഭൂമിയും ആദിവാസി പുനരധിവാസ മിഷൻ മുഖേന വീട്ടും അനുവദിച്ചിരുന്നു. ടിയാൾക്ക് ഭൂമിയും വീട്ടും അനുവദിച്ച് നൽകിയിട്ടുള്ളത് നിലവിലെ ചട്ടങ്ങൾ പാലിച്ചാണ്.** |
| (ബി) | ടിയാളുടെ കൈവശമുള്ള മലപ്പുറം ജില്ലയിലെ ചാലിയാർ പഞ്ചായത്തിലെ വൈലാശ്ശേരി കോളനിയിലെ വീട്ടും സ്ഥലവും വാടകയ്ക്ക് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം വിശദമായി പരിശോധിക്കുമോ; | (ബി) | **പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.** |
| (സി) | ടിയാളുടെ ഭർത്താവായ ഗിരിദാസന്റെ പേരിൽ മലപ്പുറം ജില്ലയിൽ ചാലിയാർ പഞ്ചായത്തിലെ പെരുവമ്പാടം കോളനിയിൽ ഭൂമിയും വീട്ടും ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അദ്ദേഹത്തിന്റെ പേരിലുള്ള സ്ഥലം എത്രയാണെന്ന് അറിയിക്കാമോ; | (സി) | **പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.** |
| (ഡി) | ബിന്ദു വൈലാശ്ശേരിക്കും കുടുംബത്തിനും ആശ്രിതർക്കും മുന്നിടത്തായി കൈവശ ഭൂമിയും വീട്ടും ഉള്ളത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇല്ലെങ്കിൽ പരിശോധിച്ച് നടപടികൾ സ്വീകരിക്കുമോ? | (ഡി) | **പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ